# ഉമർബിൻ ഖത്താബ്




എ.എച്ച് തൃത്താല

സുറാഖത്ത്ബ്നു മാലിക് എവിടെ? ഖലീഫയുടെ ശബ്ദമുയർന്നു! എന്തിനാണ് ഖലീഫ സുറാഖിനെ അന്വേഷിക്കുന്നത്? കൂടിനിന്നവർ തിരിഞ്ഞും മറിഞ്ഞും സുറാഖിനെ നോക്കി.

സുറാഖിന്റെ ശബ്ദമുയർന്നു. “അമീറുൽ മുഅ്മിനീൻ”. അടുത്തെത്തിയ സുറാഖത്തിന്റെ ചുമലിൽ തട്ടിക്കൊണ്ട് ഖലീഫ ചോദിച്ചു. “സുറാഖത്ത്... ഈ സ്വർണകങ്കണങ്ങളാണ് പതിറ്റാണ്ടുകൾക്ക് മുമ്പ് നബി താങ്കൾക്ക് വാഗ്ദാനം ചെയ്തത്.”

അതു കേട്ടതും സുറാഖത്ത് ഓർത്തു. നൂറ് ഒട്ടകം സമ്മാനം കൊതിച്ച് നബിയുടെ പരിശുദ്ധ ജീവനെടുക്കാൻ ഇറങ്ങിപ്പുറപ്പെട്ട ദുഷ്ടൻ! നബിയെ കണ്ടതും തന്റെ ഒട്ടകത്തിന്റെ കാൽ മണലിൽ പൂണ്ടതും, സ്വന്തം രക്ഷക്കായി നബിയോട് കേണപേക്ഷിച്ചതുമൊക്കെ ഓർത്ത് സുറാഖാത്ത് വാവിട്ട് കരഞ്ഞു.

എന്നിട്ടും ആ മഹാൻ തനിക്ക് മാപ്പ് തന്നു. ജീവൻ രക്ഷപ്പെട്ട സന്തോഷത്താൽ തിരിച്ചുപോരുമ്പോൾ നബി പറഞ്ഞ വാക്കുകൾ “സുറാഖത്ത് ബിനു മാലിക്ക്!



▶▶ലോകത്ത് ഏറ്റവും കൂടുതൽ റസ്റ്റോറന്റുകൾ നടത്തുന്ന കമ്പനി

എന്നെ വധിച്ച് സമ്മാനമായി ഖുറൈശികളിൽ നിന്ന് നേടേണ്ട നൂറ് ഒട്ടകങ്ങൾ നഷ്ടമായല്ലോയെന്നോർത്ത് ദുഃഖിക്കേണ്ട. അതിനു പകരമായി പേർഷ്യൻ ചക്രവർത്തി കിസ്രാ രാജാവിന്റെ സ്വർണ്ണ കങ്കണങ്ങൾ ഞാൻ നിനക്ക് വാഗ്ദാനം ചെയ്യുന്നു...!" സുറാഖത്ത് തേങ്ങിക്കരഞ്ഞു.

അതുകണ്ട് സദസ്സാകെ വിതുമ്പി. ജീവനുംകൊണ്ട് ഒളിച്ചോടുന്ന പ്രവാചകൻ തൻെറ ജീവ നെടുക്കാൻ വാളോങ്ങിവരുന്ന ശത്രുവിന് ലോകം വിറപ്പിക്കുന്ന കിസ്രായുടെ വളകൾ വാഗ്ദാനം ചെയ്യുക! അത്ഭുതം അടക്കാനാവാതെ സദസ്സ് സ്തബ്ധനായി.

പരസ്പരം നോക്കി കണ്ണുനീർ തുടച്ചു. അപ്പോൾ അവരുടെ മനസ്സ് മന്ത്രിച്ചു. "അതെ... മുഹമ്മദ്... അല്ലാഹുവിന്റെ പ്രവാചകനാണ്." പൊട്ടിക്കരയുന്ന സുറാഖത്തിനെ ഉമർ തന്നോട് ചേർത്ത് പിടിച്ചു.

കിസ്രാ ചക്രവർത്തിയുടെ രത്നം പതിച്ച സ്വർണവളകൾ ഉമർ സുറാഖത്തിന്റെ കൈകളിൽ അണിയിച്ചു. അതോടെ സദസ്സിൽ നിന്ന് തക്ബീർ ധ്വനികളുയർന്നു... "അല്ലാഹു അക്ബർ!"

(തുടരും)



- പെപ്സിക്കോ (യു.എസ്)